നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

വാല്യം : 10 ◆ ലക്കം : 8 ◆ ആഗസ്റ്റ് 2003 ◆ വരിസംഖ്യ – ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.



**സ്ത്രീക്കെതിരായ അക്രമം, സ്ത്രീയുടെ അവകാശങ്ങളുടെ ലംഘനമാണ്; അവകാശാനുഭവത്തിന്റെ വിലക്കാണ്; സ്വാതന്ത്ര്യങ്ങളുടെ നിഷേധമാണ്; സ്ത്രീയുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കുന്നതിലുണ്ടായ ദീർഘപരാജയത്തിന്റെ വിളംബരമാണ്; സ്ത്രീയും പുരുഷനും തമ്മിൽ ചരിത്രത്തിലുടനീളം നിലനിന്ന് പോന്ന അസമ അധികാരബന്ധങ്ങളുടെ തുടർച്ചയാണ്; വ്യക്തിത്വത്തിന്റെ സമ്പൂർണ്ണ വികസനത്തിൽ നിന്നും സ്ത്രീയെ തടയുകയാണ്; അവളെ പുരുഷന്റെ ആശ്രിതയാക്കി എന്നും നിലനിർത്താനുള്ള നീചതന്ത്രവുമാണ്.**

## സ്ത്രീ പീഡനത്തിനും വിവേചനത്തിനുമെതിരെ

### ആംനെസ്റ്റി ഇന്റർനാഷണലിന്റെ ശുപാർശകൾ



**സ്ത്രീ** പീഡനത്തിന്റെ രീതികളും ശൈലികളും കാരണങ്ങളും അനന്തരഫലങ്ങളും ഇരയുടെ ലിംഗ പദവിയെ ഗണ്യമായി ബാധിക്കുന്നു. അതിനാൽ സ്ത്രീ പീഡനത്തിനെതിരെ പോരാടുന്നത് ലിംഗ പരമായ പ്രശ്നങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള ഒരു വീക്ഷണത്തിലധിഷ്ഠിതമായിട്ടായിരിക്കണം.

സ്ത്രീ പീഡനമെന്നത് മനുഷ്യാവകാശങ്ങളുടെ അടിസ്ഥാനനിഷേധമാണ്. മനുഷ്യാന്തസ്സിനു നേരെയുള്ള ആക്രമണമെന്ന് അന്താരാഷ്ട്ര സമൂഹം സ്ത്രീ പീഡനത്തെ നിർവയിക്കുന്നു. അന്താരാഷ്ട്ര നിയമങ്ങളാകട്ടെ ഏതുസാഹചര്യത്തിലും സ്ത്രീ പീഡനത്തെ നിരോധിച്ചിരിക്കുന്നു. എങ്കിലും അത് ലോകത്തെമ്പാടും ദിവസേന തുടർന്നുകൊണ്ടിരിക്കുന്നു. അതിനാൽ സ്ത്രീപീഡനത്തെ ചെറുക്കുന്നതിനും ഇല്ലായ്മ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്.

താഴെപ്പറയുന്ന ശുപാർശകൾ നടപ്പിലാക്കാൻ ആംനെസ്റ്റി ഇന്റർനാഷണൽ മുഴുവൻ ഗവൺമെന്റുകളോടും ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഉൽക്കണ്ഠയുള്ള എല്ലാ വ്യക്തികളെയും സംഘടനകളെയും ഗവൺമെന്റുകൾ അവ നടപ്പാക്കുന്നുണ്ടോ എന്നു നിരീക്ഷിക്കുന്നതിനായി ആംനെസ്റ്റി ഇന്റർനാഷണൽ ക്ഷണിക്കുന്നു. ഈ ശുപാർശകൾ വിവിധ സ്രോതസ്സുകളിൽ നിന്നെടുത്തതാണ്. അവയിൽ ചിലത് പീഡനത്തിനും സ്ത്രീകൾക്കു നേരെയുള്ള എല്ലാത്തരത്തിലുള്ള വിവേചനത്തിനും എതിരെ നടത്തിയ ഐക്യരാഷ്ട്ര സഭാ കൺവെൻഷനുകളടക്കമുള്ള അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനങ്ങളിൽ കാണാവുന്നതാണ്. മറ്റുചിലത് ചില ഗവൺമെന്റുകൾ ഇപ്പോൾത്തന്നെ നടപ്പിലാക്കിയിട്ടുള്ള ചില നല്ല നടപടികളുടെ ഉദാഹരണങ്ങളിൽ നിന്നെടുത്തതാണ്. മിക്കതും അന്താരാഷ്ട്ര സ്ത്രീ പ്രസ്ഥാനത്തെ കെട്ടിപ്പടുത്തതും സ്ത്രീയ്ക്കെതിരെയുള്ള പീഡനങ്ങളെ മനുഷ്യാവകാശ ലംഘനങ്ങളായിക്കണ്ട് അവയെ നേരിടുകയും തുറന്നുകാട്ടുകയും ചെയ്യുന്നതിൽ മുന്നണിയിൽ നിൽക്കുന്നതുമായ ഗവൺമെന്റേതര സംഘടനകളുടെ അനുഭവങ്ങളിൽ നിന്ന് ഉയർന്നവയും.

ഗവൺമെന്റുകൾക്ക് ഈ ശുപാർശകൾ നടപ്പിലാക്കാനുള്ള അധികാരമുണ്ടെന്ന് ആംനെസ്റ്റി ഇന്റർനാഷണൽ വിശ്വസിക്കുന്നു. അവയിൽ ഭൂരിഭാഗത്തിനും ഇതിനുവേണ്ടി വലിയ തോതിൽ വിഭവ സമാഹരണം നടത്തേണ്ട ആവശ്യമില്ല. മറിച്ച്, സ്ത്രീ പീഡനം തുടരാൻ അനുവദിക്കുകയില്ലെന്ന വിശ്വാസവും രാഷ്ട്രീയ ഇച്ഛാശക്തിയും അവയ്ക്കുണ്ടായാൽ മതി. ആംനെസ്റ്റി ഇന്റർനാഷണൽ വിശ്വസിക്കുന്നത് ഈ നടപടികളുടെ നടപ്പിലാക്കൽ രാഷ്ട്രാന്തരമായി സ്ത്രീ പീഡനം അവസാനിപ്പിക്കുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളെ തുടച്ചുനീക്കുന്നതിനുമുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധത കാണിക്കുന്ന ഒരു ഗുണാത്മക സൂചനയായിട്ടാണ്.

എങ്കിലും ലിംഗപരമായ അടിസ്ഥാനത്തിൽ ഈ വിവേചനങ്ങളെ നേരിടുന്നി

ല്ലെങ്കിൽ ഈ നടപടികൾ സ്ത്രീ പീഡനത്തെ തുടച്ചുനീക്കുകയില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിനും രാഷ്ട്രീയ പാർട്ടികൾക്കും മതവിഭാഗങ്ങൾക്കും പൗരസമൂഹത്തിന്റെ എല്ലാ ഘടകങ്ങൾക്കും വ്യക്തികൾക്കും പങ്കു വഹിയ്ക്കാനുണ്ടെന്ന് ആംനെസ്റ്റി ഇന്റർനാഷ ണൽ കരുതുന്നു. എല്ലാ മനുഷ്യരുടേയും സമത്വം എന്നതിലേയ്ക്ക് പ്രതിജ്ഞാബദ്ധരാ കാനുള്ള ഉത്തരവാദിത്വം ഓരോരുത്തർക്കുമു ണ്ട്. ലിംഗം, വയസ്സ്, സാമൂഹ്യപദവി, വംശം, രാജ്യം, ഗോത്രം, ലൈംഗികോന്മുഖത ഇതെല്ലാം എന്തുതന്നെയായിരുന്നാലും.

### 1. സ്ത്രീയ്ക്കുനേരെയുള്ള എല്ലാ അക്രമപ്രവർത്തനങ്ങളെയും അപലപി യ്ക്കുക.

- സ്ത്രീയ്ക്കു നേരെയുള്ള എല്ലാ അതിക്രമ ങ്ങളേയും അത് ചെയ്തത് നിയമപാലകോ ദ്യോഗസ്ഥരായാലും സ്വകാര്യവ്യക്തികളാ യാലും ഭരണകൂടം വ്യക്തമായും പരസ്യ മായും അപലപിക്കുക.
- ഭരണകൂടം വീട്ടിലും, സമൂഹത്തിലും, തട വറയിലും സ്ത്രീയുടെ സുരക്ഷ പ്രോത്സാ ഹിപ്പിക്കുന്നതിനായുള്ള നയങ്ങൾ വികസി പ്പിക്കുകയും ഭൗതിക സാഹചര്യങ്ങൾ ഒരു ക്കുകയും ചെയ്യുക.
- സ്ത്രീകളുടെ നിയമാവകാശങ്ങളെപ്പറ്റി പുരു ഷന്മാരെയും സ്ത്രീകളെയും അറിയിക്കു വാനും ഗാർഹികപീഡനത്തെപ്പറ്റി പ്രത്യേകം അവരെ പഠിപ്പിക്കാനുമുള്ള നിയമസാക്ഷ രതാ പരിപാടികൾ ഭരണകൂടങ്ങൾ ഏറ്റെ ടുത്ത് നടപ്പിലാക്കുക.
- ഗൃഹത്തിനുള്ളിലും സമൂഹത്തിലും സ്ത്രീയ്ക്കെതിരെ നടക്കുന്ന അക്രമങ്ങളുടെ പ്രബലതയെക്കുറിച്ച് അതാതു സമയങ്ങളിൽ അധികൃതർ പൊതുവിവരക്കണക്കുകൾ ശേഖരിയ്ക്കുകയും അവ പൊതുവിൽ ലഭ്യ മാക്കുകയും വ്യാപകമായി പ്രചരിപ്പിക്കു കയും ചെയ്യേണ്ടതാണ്.

### 2. സ്ത്രീകൾക്കുനേരെയുള്ള അക്രമ പ്രവർത്തനങ്ങളെ നിരോധിക്കുകയും അത്തരം പ്രവർത്തനങ്ങൾക്കെതിരെ മതിയായ നിയമപരിരക്ഷ സ്ഥാപിക്കു കയും ചെയ്യുക.

- സ്ത്രീകൾക്കുനേരെയുള്ള എല്ലാ അതിക്രമ ങ്ങളേയും ഭരണകൂടങ്ങൾ നിയമപ്രകാരം നിരോധിക്കുകയും അത്തരം പ്രവൃത്തി കൾക്കെതിരെ വേണ്ടത്ര നിയമപരിരക്ഷ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അക്ര മകാരികൾ ഭരണകൂടോദ്യോഗസ്ഥരോ സ്വകാ ര്യവ്യക്തികളോ ആരായിരുന്നാലും. സമുദാ യത്തിനുള്ളിലോ കുടുംബത്തിനുള്ളിലോ ഉള്ള വൈവാഹികബലാൽക്കാരം പോലുള്ള അക്രമങ്ങളേയും ഇതിൽപ്പെടുത്തേണ്ടതാണ്.
- ഗവൺമെന്റുകൾ കാലാനുസൃതമായി നിയ മങ്ങളെയും ചട്ടങ്ങളെയും നടപടിക്രമങ്ങ ളെയും പുന:പരിശോധിക്കുകയും മൂല്യ നിർണ്ണയം ചെയ്യുകയും പരിരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. കുടിയേറ്റ നിയന്ത്രണം പോലുള്ളവയും ഇത്തരം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. സ്ത്രീകൾക്കെതിരെ യുള്ള അതിക്രമങ്ങളെ അനുവദിയ്ക്കു കയോ അതിൽ വിലപിക്കുക മാത്രമോ ചെയ്യുന്ന വകുപ്പുകളെ ഗവൺമെന്റുകൾ നീക്കം ചെയ്യേണ്ടതാണ്.
- സ്ത്രീകൾക്കുനേരെയുള്ള അക്രമത്തിനും മോശമായ പെരുമാറ്റത്തിനും ഏറ്റവും പ്രധാ നപ്പെട്ട കാരണം നിയമത്തിലും പ്രയോഗ ത്തിലും അവർക്കുനേരെയുള്ള വിവേചനമാ ണെന്ന് ഭരണകൂടങ്ങൾ തിരിച്ചറിയേണ്ടതാ ണ്. പീഡനത്തിനെതിരെയുള്ള നടപടി എന്ന നിലയിൽ ഭരണകൂടങ്ങൾ കാലാകാലങ്ങ ളിൽ അവരുടെ നിയമങ്ങളേയും നടപടിക ളേയും (Laws, Codes & Procedures) പുന: പരിശോധിക്കുകയും മൂല്യനിർണ്ണയം ചെയ്യു കയും പരിഷ്ക്കരിക്കുകയും ചെയ്യേണ്ടതാ ണ്. അത്തരമൊരു നടപടി അവ സ്ത്രീയോട് വിവേചനപൂർവ്വം പെരുമാറുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനും വിവേചനത്തെ ഇല്ലായ്മ ചെയ്യുന്നതിനുമുള്ള അവയുടെ കഴിവ് വർദ്ധി പ്പിക്കുക എന്നതിനുമായിരിക്കണം. സ്ത്രീയ്ക്കെതിരെയുള്ള വിവേചനത്തെ അനുവദിക്കുകയോ അതിൽ വിലപിക്കുക മാത്രമോ ചെയ്യുന്ന വകുപ്പുകൾ ഗവൺമെന്റ് നീക്കം ചെയ്യേണ്ടതാണ്.
- അടിമത്തത്തെയും, കടത്തിന് പണയമാ യുള്ള അടിമത്തത്തേയും, മനുഷ്യരെ വാങ്ങു കയും വിൽക്കുകയും ചെയ്യുന്നതിനേയും നിരോധിക്കുന്നതിനായി ഗവൺമെന്റുകൾ നിയമത്തെ സജ്ജമാക്കേണ്ടതുണ്ട്. തങ്ങ ളുടെ ക്രിമിനൽ നിയമങ്ങളും കുറ്റകൃത്യ ങ്ങളെ സംബന്ധിച്ച നീതിന്യായ വ്യവ സ്ഥയും ലൈംഗികത്തൊഴിൽ ചെയ്യുന്ന സ്ത്രീകളെ കുറ്റവാളികളായിക്കാണാതെ മനുഷ്യാവകാശലംഘനങ്ങളുടെ ഇരയായും സജീവ സാക്ഷികളായും ആണ് പരിഗണി യ്ക്കുന്നതെന്ന് ഭരണകൂടം ഉറപ്പുവരുത്തേ ണ്ടതുണ്ട്.
- സ്ത്രീകൾക്കെതിരെയുള്ള എല്ലാ വിവേചന ങ്ങളെയും ഇല്ലായ്മചെയ്യുന്നതിനു വേണ്ടി യുള്ള ഉടമ്പടി, പൗരാവകാശങ്ങൾക്കും രാഷ്ട്രീയ ആവശ്യങ്ങൾക്കുമായുള്ള അന്താ രാഷ്ട്ര ഉടമ്പടി, സാമ്പത്തികവും സാമൂഹി കവും സാംസ്ക്കാരികവുമായ അവകാശ ങ്ങൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടി, പീഡ നത്തിനും മറ്റ് ക്രൂരവും മനുഷ്യത്വരഹിതവും അപമാനകരവുമായ പെരുമാറ്റത്തിനും ശിക്ഷയ്ക്കും എതിരായുള്ള ഉടമ്പടി, കുട്ടി കളുടെ അവകാശത്തെപ്പറ്റിയുള്ള ഉടമ്പടി, എല്ലാത്തരത്തിലുള്ള വംശീയ വിവേചന ങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഉടമ്പടി, എന്നിവ ഉൾപ്പെടെയുള്ള എല്ലാ പ്രധാനപ്പെട്ട ഉടമ്പടികളും ഗവണ്മെന്റ് ഉടൻ തന്നെ യാതൊരു കലവറയും കൂടാതെ അംഗീക രിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്. സ്ത്രീയ്ക്കെതിരെയുള്ള അക്രമം ഇല്ലായ്മ ചെയ്യുന്നതിനുള്ള പ്രഖ്യാപനം ഗവണ്മെന്റ് നടപ്പിൽ വരുത്തേണ്ടതാണ്.
- സ്ത്രീയ്ക്കെതിരെയുള്ള വിവേചനങ്ങളുടെ സകലരൂപമാതൃകകളെയും ഇല്ലായ്മ ചെയ്യുന്നതിനുള്ള ഉടമ്പടിയിലെ തെരഞ്ഞെ ടുക്കാവുന്ന പൊതുധാരണകൾ (Optional Protocols)ക്ക് ഭരണകൂടങ്ങൾ നിയമ പ്രാബല്യം നൽകേണ്ടതാണ്. അത് സ്വകാ ര്യപരാതികൾക്കുവേണ്ടിയും, ഉടമ്പടിയുടെ വ്യവസ്ഥകൾ അതിലംഘിക്കുന്നതിനെക്കുറി ച്ചന്വേഷിക്കുന്നതിനും വേണ്ടിയാണ്. അത് മനുഷ്യാവകാശലംഘനങ്ങൾ അനുഭവി ക്കുന്ന സ്ത്രീകൾക്ക് അന്താരാഷ്ട്രതലത്തി ലുള്ള പരിഹാരം ഒരുക്കുന്നു.
- വിവിധ മനുഷ്യാവകാശ ഉടമ്പടികൾ ചൂണ്ടി ക്കാണിച്ചിട്ടുള്ള ആവശ്യകതകൾക്ക് ഭരണ കൂടം വഴങ്ങിക്കൊടുക്കേണ്ടതും ആവശ്യമു ള്ളിടത്തൊക്കെ ലിംഗപരതയിൽ ഊന്നുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്ന് ഉറ പ്പുവരുത്തേണ്ടതുമാണ്.
- കുടിയേറ്റ സ്ത്രീതൊഴിലാളികൾക്ക് എതിരേ യുള്ള അക്രമങ്ങൾ കുറയ്ക്കുന്നതിനായി ഭര ണകൂടം അന്താരാഷ്ട്രതൊഴിൽ സംഘടന യുടെ (International Labour Organisation) കുടിയേറ്റ തൊഴിലാളികളുടെ അവകാശ ഉട മ്പടികൾക്ക് നിയമപ്രാബല്യം നൽകേണ്ടതും വഴങ്ങിക്കൊടുക്കേണ്ടതും ആണ്.
- പീഡിപ്പിക്കപ്പെടും എന്ന ഭീഷണി നില നിൽക്കുന്ന രാജ്യത്തിലേയ്ക്ക്, ഭരണകൂടേ തരരുടെ പീഡനങ്ങളെ തടയാൻ കെല്പി ല്ലാത്ത ഭരണകൂടമുള്ള രാജ്യമടക്കം, യാതൊരു സ്ത്രീയേയോ പെൺകുട്ടി യേയോ ബലം പ്രയോഗിച്ച് തിരിച്ചയയ്ക്കുന്നില്ല എന്ന് ഗവൺമെന്റ് ഉറ പ്പുവരുത്തേണ്ടതാണ്.
- സ്ത്രീയ്ക്കെതിരെയുള്ള അക്രമങ്ങളെപ്പറ്റി യുള്ള എല്ലാ ആരോപണങ്ങളേയും അന്വേ ഷണ വിധേയമാക്കുക.
- സ്ത്രീയ്ക്കെതിരെയുള്ള അക്രമങ്ങളെപ്പറ്റി യുള്ള എല്ലാ റിപ്പോർട്ടുകളിലും, അതിക്രമം പ്രവർത്തിച്ചത് നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥരോ സായുധ ഗ്രൂപ്പുകളോ

സ്വകാര്യ വ്യക്തികളോ ആരുതന്നെയായിരുന്നാലും കൃത്യവും വിശദവും പക്ഷപാതരഹിതവുമായ അന്വേഷണം ഭരണകൂടങ്ങൾ ഉറപ്പുവരുത്തിയിരിക്കണം.

- റിപ്പോർട്ടു ചെയ്തിട്ടുള്ള അക്രമസംഭവങ്ങളിൽ, ആക്രമിക്കപ്പെട്ട സ്ത്രീകൾ, അതിക്രമമുണ്ടായത് കുടുംബത്തിനുള്ളിലോ സമുദായത്തിനകത്തോ കസ്റ്റഡിയിലായിരിക്കുമ്പോഴോ സായുധമായോ ഏറ്റുമുട്ടലുകളിലോ എന്തായിരുന്നാലും അതന്വേഷിക്കുന്ന നിയമോദ്യോഗസ്ഥരുടെ അന്വേഷണം മൂലമുള്ള സമ്മർദ്ദം സഹിക്കേണ്ടിവരുന്നത് ഇടവരുത്താതിരിക്കാനുള്ള കൃത്യമായ നയപരിപാടികൾ ഗവൺമെന്റ് നിയമം നടപ്പിലാക്കുന്ന വകുപ്പുകൾക്ക് നൽകേണ്ടതാണ്.
- അപമാനിതരായ സ്ത്രീകൾ അതിന് പരിഹാരം തേടുന്നതിന്റെ ഭാഗമായി ലിംഗപരമായ പരിഗണനകളെ കണക്കിലെടുക്കാത്ത നിയമങ്ങളാലോ ക്രമസമാധാന രീതികളാലോ ഭരണകൂടോദ്യോഗസ്ഥരുടെ മറ്റ് ഇടപെടലുകളാലോ വീണ്ടും വീണ്ടും അപമാനിതരാകാതിരിക്കാൻ ഭരണകൂടം ഉറപ്പുനല്കേണ്ടതാണ്.
- അപമാനിതരായെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കുടിയേറ്റക്കാരോ ന്യൂനപക്ഷ സമുദായക്കാരോ ആയ സ്ത്രീകൾക്കെതിരെ നീതിന്യായ വകുപ്പുകൾ വിവേചനം അനുഷ്ഠിക്കില്ല എന്ന് ഭരണകൂടം ഉറപ്പുവരുത്തേണ്ടതാണ്.
- സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിൽ പോലീസിന്റെ അധികാരത്തെ സംബന്ധിച്ച് അന്താരാഷ്ട്ര നിലവാരമനുസരിച്ചുള്ള ഒരു നിർവ്വചനം ഭരണകൂടം എഴുതി തയ്യാറാക്കേണ്ടതാണ്. സ്ത്രീയ്ക്കെതിരെയുള്ള അതിക്രമാരോപണങ്ങളെ എങ്ങനെ ഫലപ്രദമായി കൈകാര്യം ചെയ്യാം എന്നതിനെക്കുറിച്ച് ഭരണകൂടം എല്ലാ പോലീസുകാർക്കും, സർവ്വീസിൽ പഴകിയവർക്കും പുതുതായ് ചേർന്നവർക്കും, പരിശീലനം നൽകേണ്ടതാണ്. ആവശ്യമുള്ളത്ര വനിതാപോലീസ് ഉദ്യോഗസ്ഥരെ നിയമിക്കേണ്ടതാണ്.
- അക്രമത്തിന് വിധേയരായ സ്ത്രീകളെ തരംതാഴ്ത്താത്ത, അപമര്യാദപൂർവ്വം പെരുമാറാത്ത അന്വേഷണ രീതികൾ ഭരണകൂടം ആവിഷ്ക്കരിക്കേണ്ടതാണ്. പ്രത്യേകിച്ചും തെളിവെടുപ്പിന്റെ മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുമ്പോൾ.
- ലൈംഗികമായി പീഡിപ്പിക്കപ്പെട്ടു എന്ന് പോലീസിനോട് പരാതിപ്പെടുന്ന സ്ത്രീകളെ സവിശേഷ വൈദഗ്ദ്ധ്യമാർജ്ജിച്ച വൈദ്യ-നിയമ വിശാരദനെക്കൊണ്ട് (Medico-legal practitioner) പരിശോധിപ്പിക്കേണ്ടതാണ്. സാധിക്കുമെങ്കിൽ, ആ പരിശോധന നടത്തുന്നത് സ്ത്രീയായിരിക്കണം.
- ഇത്തരം കേസുകളിൽ പ്രാവീണ്യമുള്ള പോലീസധികാരികളെയാണ് ഭരണകൂടങ്ങൾ ചുമതലപ്പെടുത്തേണ്ടത്. സ്ത്രീയ്ക്കു നേരെയുള്ള അക്രമങ്ങളെ ചൂഴ്ന്നുനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും, വൈദ്യസംബന്ധിയും മറ്റുതരത്തിലുള്ള വ്യാവഹാരിക തെളിവുകൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും പ്രത്യേകം പരിശീലനം അവർക്ക് ലഭിച്ചിട്ടുണ്ടായിരിക്കണം.

### 4. നീതിന്യായ വ്യവഹാരവും തടവും

- സ്ത്രീകളെ കോടതിയിൽ സാക്ഷിയാകാൻ അനുവദിക്കാത്തതോ സ്ത്രീകളുടെ സാക്ഷിമൊഴിയ്ക്ക് തികവു കല്പിക്കാത്തതോ ആയ ലിംഗവിവേചനത്വമുള്ള വകുപ്പുകൾ ഭരണകൂടങ്ങൾ ഉടൻ നീക്കം ചെയ്യണം.
- നിലനിൽക്കുന്ന നിയമ, നീതി സംവിധാനം സ്ത്രീകളെ ഇരകളാക്കുന്ന അതിക്രമങ്ങളെ കൈകാര്യം ചെയ്യുമ്പോൾ വിവേചനം കാണിക്കുന്നുണ്ടോ എന്ന് മൂല്യനിർണ്ണയം ചെയ്യുന്നതിനായി സ്ത്രീയ്ക്കുനേരെ നടത്തിയിട്ടുള്ള അക്രമകരമായ കുറ്റകൃത്യങ്ങളിൽ എത്രമാത്രം കുറ്റക്കാരെ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് ഭരണകൂടങ്ങൾ ഒരു സർവ്വേ നടത്തേണ്ടതുണ്ട്.
- സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളിൽ നീതിന്യായ വ്യവഹാരത്തിന്റെ സഫലത ഉറപ്പുവരുത്താൻ വേണ്ടി, അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന നിയമചട്ടക്കൂടിന്റെ ഒരു പുനഃപരിശോധന ഭരണകൂടം ഏറ്റെടുക്കേണ്ടതാണ്.
- സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളെയും അതിന്റെ കാരണങ്ങളേയും അനന്തരഫലങ്ങളേയും കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനായി എല്ലാ ജഡ്ജിമാർക്കും വക്കീലന്മാർക്കും ഭരണകൂടങ്ങൾ പ്രത്യേകം പരിശീലനം നൽകേണ്ടതാണ്. ആവശ്യത്തിന് വനിതാജഡ്ജിമാരെ നിയമിക്കേണ്ടതാണ്.
- എല്ലാ തലങ്ങളിലുള്ള കോടതികളിലും ലൈംഗികാതിക്രമങ്ങളുടേയും ബലാൽക്കാരങ്ങളുടേയും കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ലിംഗപരമായ അക്രമങ്ങളെ ചൂഴുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ പ്രത്യേക പരിശീലനം സിദ്ധിച്ച പ്രോസിക്യൂട്ടർമാർ ഉണ്ടായിരിക്കേണ്ടതാണ്.

### 5. ആവശ്യമായ പരിഹാരങ്ങൾ പ്രദാനം ചെയ്യുകയും നവീകരണം ഉറപ്പുവരുത്തുകയും ചെയ്യുക.

- അക്രമങ്ങളുടെ ഇരകളായ സ്ത്രീകളെ തിരിച്ചറിയുന്നതിനും അവർക്ക് ചികിത്സാ പരിപാലനവും മനഃസാന്ത്വനവും നൽകുന്നതിനുമായി ഭരണകൂടങ്ങൾ പ്രത്യേക ചികിത്സാ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.
- അതിക്രമങ്ങളെ അതിജീവിച്ച ഇരകൾക്ക് ഭരകൂട സംരക്ഷണം ലഭിക്കാൻ കഴിയുംവിധത്തിൽ ഒരു സംവിധാനം ഭരണകൂടം പ്രദാനം ചെയ്യേണ്ടതാണ്. മാത്രമല്ല, സംരക്ഷണനിയമങ്ങൾ പോലുള്ള കർക്കശമായ നിയമപാലക സംവിധാനവും ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം.
- അക്രമത്തിൽ ഇരകളായ സ്ത്രീകൾക്ക് ലഭ്യമാകുന്ന ഭരണകൂട, ഭരണകൂടേതര സേവനങ്ങളുടെ ഒരു ദേശീയ ഡയറക്ടറി വികസിപ്പിച്ചെടുക്കേണ്ടതാണ്. മാത്രമല്ല, അത്തരം വിവരങ്ങൾ പോലീസ് സ്റ്റേഷനുകളിലും പ്രാദേശിക കോടതികളിലും ജില്ലാ സർജന്മാർക്കും ആശുപത്രികളിലും മറ്റ് ആരോഗ്യപരിപാലന സംവിധാനങ്ങളിലും വിതരണം ചെയ്യേണ്ടതാണ്. അക്രമങ്ങളിൽ ഇരകളാക്കപ്പെട്ട സ്ത്രീകൾക്കുള്ള പ്രാദേശികമായ പരിഹാര സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിവിധ ഭാഷകളിൽ ലഭ്യമാക്കേണ്ടതുണ്ട്. എല്ലാ സമുദായങ്ങളിൽപ്പെട്ട സ്ത്രീകൾക്കും അവരുടെ അവകാശത്തെപ്പറ്റി അവബോധമുണ്ടാക്കുന്ന വിധം.
- ക്രിമിനൽ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതിനെക്കുറിച്ചുള്ള അറിവുകൾ കൊടുക്കുന്നതിനുപുറമെ, അവരുടെ അവകാശങ്ങളെക്കുറിച്ച് എങ്ങനെ പരിഹാരം ലഭ്യമാകും എന്ന അറിവുകളും അക്രമത്തിന് വിധേയമായ സ്ത്രീകൾക്ക് ലഭ്യമാകണം.
- അക്രമത്തിന് ഇരകളായ സ്ത്രീകൾക്ക് അടിയന്തിര സഹായങ്ങൾ ഭരണകൂടം പ്രദാനം ചെയ്യേണ്ടതുണ്ട്. പ്രതിസന്ധി പരിഹാര പ്രവർത്തനങ്ങൾ, ഇരയാക്കപ്പെട്ട സ്ത്രീകളുടെ വീടുമുതൽ ആരോഗ്യകേന്ദ്രം വരെയുള്ള ഗതാഗതം, അഭയകേന്ദ്രം അഥവാ സുരക്ഷാകേന്ദ്രം, അവശ്യചികിത്സാ ശുശ്രൂഷ, അടിയന്തിരമായ നിയമസഹായവും നീതിനടത്തിപ്പും, പ്രതിസന്ധി മറികടക്കാൻ പാകത്തിനുള്ള മനഃസാന്ത്വനം, സാമ്പത്തിക സഹായം കുട്ടികളുടെ സംരക്ഷണത്തിനുള്ള സഹായം, കുടിയേറിയതോ ന്യൂനപക്ഷാംഗമോ ആയ സ്ത്രീകൾക്ക് പ്രത്യേകിച്ചു ചെയ്യേണ്ട മറ്റുസഹായങ്ങൾ, അടിയന്തിര സഹായങ്ങൾ എന്നത് ഇതെല്ലാം ഉൾക്കൊള്ളുന്നു.
- അതിക്രമങ്ങളിൽ ഇരയാക്കപ്പെട്ടവർക്കും അവരുടെ ആശ്രിതർക്കും നഷ്ടപരിഹാരവും ചികിത്സാശുശ്രൂഷയും പുനരധിവാസവും നൽകേണ്ടതാണ്. ■

*(അടുത്ത ലക്കം തുടരും)*



# ‘നിയമപ്ര

## സാംസ്കാരിക മൂല്യം പരിരക്ഷ

**ജസ്റ്റിസ് ...**

**രാ**ഷ്ട്രീയ നീതിയിൽ നിന്നും സമത്വം വാഗ്ദാനം ചെയ്യുന്ന സാമൂഹ്യ നീതിയിലേയ്ക്കുള്ള വളർച്ചയായിരിക്കണം നിയമവ്യവസ്ഥയുടെ വിജയത്തിന്റെ മാനദണ്ഡം. ഇന്ന് ജനങ്ങളുടെ നിയമബോധം പല തരത്തിൽ പരിമിതമാണ്. അയല്ക്കാരന്റെ സ്വാതന്ത്ര്യവും അവകാശവും തന്റെ സ്വാതന്ത്ര്യത്തിനും അവകാശത്തിനും തുല്യമാണെന്ന ബോധം നിയമ ബോധത്തിന്റെ അടിസ്ഥാനമാണ്. സാമൂഹ്യ ബോധമായി വികസിക്കേണ്ടത് ഈ വിവേകമാണ്. വിഭാഗീയതയ്ക്കെതിരായി ഒരു സമൂഹത്തെ സമഗ്രമായ സാമൂഹ്യ ബോധത്തിലേയ്ക്ക് വളർത്തുന്നത് ഈ വിവേകമാണ്. മഹാനായ ഉറുദു കവി ഇക്ബാൽ പാടിയത്പോലെ ഓരോ

വ്യക്തിയും ഓ...
വൃക്ഷത്തിന്റെ ഭ...
ഹവും തമ്മിലു...
ഭദ്രതയാണ് സ...
തമായ ജീവിത...
മബോധത്തിന്റെ...
നിയമബോധ...
ബോധത്തിന്റേ...
ത്തിന്റെയും ...
പോലുള്ള സം...
കാണാൻ കഴി...
നഷ്ടം മാനുഷി...
ണ്. മാറാടിന്റെ ...
നഷ്ടപ്പെട്ട സമ...
സമയം അതി...



‘നിയമപ്രകാരം’ ജസ്റ്റിസ് കെ.എ. അബ്ദുൾ ഗഫൂർ പ്രകാശനം ചെയ്യുന്നു

**ജ**നനീതിയുടെ നിയമപ്രകാരം എന്ന പുസ്തകം ജൂലായ് 5-ാം തിയ്യതി തൃശ്ശൂർ ലോ കോളേജിൽ വച്ച് കേരളാ ഹൈക്കോടതിയിലെ സീനിയർ ജഡ്ജിയും സംസ്ഥാന നിയമസേവന അഥോറിറ്റി ചെയർമാനുമായ ജസ്റ്റീസ് കെ.എ. അബ്ദുൾ ഗഫൂർ പ്രകാശനം ചെയ്തു. പൊതു സമൂഹത്തിന്റെ പ്രതിനിധികളായി ഗ്രന്ഥം ഏറ്റുവാങ്ങിയത് ശ്രീമതി പി. പത്മാവതി (ജനപ്രതിനിധി), ശ്രീ. കെ. പി. കുട്ടൻ (ജനകീയ പ്രതിരോധ പ്രവർത്തകൻ) ശ്രീ. കെ. സി. വർഗ്ഗീസ് (സ്വതന്ത്ര ഓട്ടോറിക്ഷാ തൊഴിലാളി യൂണിയൻ പ്രവർത്തകൻ) എന്നിവരാണ്. പ്രകാശന യോഗത്തിൽ ‘നിയമബോധനത്തിന്റെ പ്രസക്തി ജനാധിപത്യ’ത്തിൽ എന്ന വിഷയത്തെപ്പറ്റി കേരളാ ഹൈക്കോടതിയിലെ ജസ്റ്റിസ് ആർ. ബസന്ത് മുഖ്യപ്രഭാഷണം നടത്തി. ജനനീതി ചെയർമാൻ പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഗവ. ലോ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. റീത്ത ഉണ്ണികൃഷ്ണൻ, ബാർ അസ്സോസിയേഷൻ പ്രസിഡണ്ട് അഡ്വ. കെ. ടി. ശശീന്ദ്രൻ, ലോ കോളേജ് യൂണിയൻ ചെയർമാൻ വി. പി. ലിസൻ എന്നിവർ ആശംസകളർപ്പിച്ചു. ജനനീതി എക്സി. ഡയറക്ടർ അഡ്വ. ജോർജ്ജ് പുലിക്കുത്തിയിൽ സ്വാഗതവും സീനിയർ ലോ ഓഫീസർ അഡ്വ. ജാസ്മിൻ ജോസഫ് നന്ദിയും പറഞ്ഞു.

ഇന്ത്യൻ നിയമഘടനയെ ലളിതമായും സാധാരണക്കാർക്ക് സഹായമാവുന്ന വിധത്തിലും വിവരിക്കുന്ന പുസ്തകമാണ് നിയമപ്രകാരം. ഭരണഘടന, മനുഷ്യാവകാശ നിയമങ്ങൾ, ഭരണ നിർവ്വഹണ നിയമങ്ങൾ നടപടിക്രമ നിയമങ്ങൾ, ബദൽ തർക്ക പരിഹാര സാധ്യതകൾ, സ്ത്രീകളും നിയമവും, ക്ഷേമകാര്യനിയമങ്ങൾ പൊതുസേവന നിയമങ്ങൾ, വസ്തുനിയമങ്ങൾ, തൊഴിൽ നിയമങ്ങൾ, വ്യക്തിനിയമങ്ങൾ, പൊതുനിയമങ്ങൾ, ആദിവാസി നിയമം, ബാലനീതി എന്നീ ഭാഗങ്ങളിലായി സമഗ്രമായ ഒരു നിയമകൈപ്പുസ്തകമാണ് അതി. അഡ്വ. ജാസ്മിൻ ജോസഫ്, പ്രൊഫ. എ. സുഹൃത്ത് കുമാർ, അഡ്വ. സി.പി. സജി, ശ്രീ. ആർ വിജയരാജൻ, അഡ്വ. സെബി. ജെ. പുല്ലേല്ലി, അഡ്വ. ഫരീദ അൻസാരി, അഡ്വ. പി. കൃഷ്ണകുമാർ, അഡ്വ. പി. വിനീത്, അഡ്വ. ജോർജ്ജ് പുലികുത്തിയിൽ എന്നിവരാണ് ലേഖകർ. എഡിറ്റർ കെ.ജി. ശങ്കരപ്പിള്ള ■

## സാമാന്യ ബോധം

**കെ. ജി. ...**

**നി**യമപ്രകാരം ഒരു സ്വാധ്യായ പുസ്തകമാണ്. നിയമജ്ഞരുടെ പ്രത്യക്ഷ സഹായമില്ലാതെ തന്നെ ഒരാൾക്ക് ഈ പുസ്തകം വായിച്ച് പ്രാ...
താണ് നിയമപ്രകാരം. സംസ്കാരത്തിന്റെ സത്തയാണ് നീതിബോധം. നീതിബോധം കടുത്ത വെല്ലുവിളികൾ ഇന്ന് നേരിടുന്നുണ്ട്. ആഗോളവൽ...
ച്ചുകൊണ്ടിരിക്കുന്ന പതനങ്ങളും, ഭ്രാന്തൻ വികസന പദ്ധതികളും, സ്ത്രീയ്ക്കും, പ്രകൃതിയ്ക്കും, കുട്ടികൾക്കും എതിരെ പെരുകുന്ന ഹിംസയു...
രണങ്ങൾക്കപ്പുറം ആധികാരികതയും ദാർഢ്യവും നേടാൻ നിയമബോധം കൂടിയേ കഴിയൂ. പ്രതിരോധ പ്രവർത്തനങ്ങളിൽ മുഴുകുന്നവർ ബന്ധ...

ആഗോളവൽക്കരണം ബഹിഷ്ക്കരണത്തിന്റേതായ ഒരു നിശ്ശബ്ദ പ്രക്രിയ കൂടിയാണ്. ജനങ്ങളെ സമ്പത്തിൽ നിന്നും സംസ്കാരത്തിൽ നിന്ന...
ളാലും, കമ്പോള പ്രലോഭനങ്ങളാലും ഇന്ന് ജനങ്ങൾ യാഥാർത്ഥ്യത്തിൽ നിന്നും പണ്ടേക്കാൾ അകന്ന് അന്യമായ ഒരു സൈബർ സ്പേസിലേ...
ബഹിഷ്ക്കരണത്തെ ചെറുക്കണമെങ്കിൽ ആദ്യം വേണ്ടത സാമാന്യബോധത്തെ വീണ്ടെടുക്കുകയാണ്. ഇന്ത്യയിലും ഇതര മൂന്നാം ലോക രാജ്യ...
ങ്കിൽ മദ്ധ്യവർഗ്ഗവൽക്കരണം നിരന്തരം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന സ്വന്തം സ്ഥലകാലങ്ങളേക്കുറിച്ചുള്ള ബോധം, സാമാന്യബോധം, വീ...
സൂക്ഷ്മവും സ്വാഭാവികവും ആയ, വിവേകത്തെ പുനഃസ്ഥാപിക്കലാണ് ശരിയായ ദിശയിലുള്ള നിയമബോധനം സാധിക്കുന്നത്.

# പകാരം’

## ഷിക്കാൻ നിയമ പരിജ്ഞാനം അത്യാവശ്യം

**ക. എ. അബ്ദുൾ ഗഫൂർ**

രോ ചില്ലയാണ്. ഒപ്പം സമൂഹ
ാഗവുമാണ്. വ്യക്തിയും സമൂ
ള്ള ഈ പാരസ്പര്യത്തിന്റെ
മൂഹത്തിന്റെ സംഘർഷരഹി
ശൈലിയ്ക്കടിസ്ഥാനം. നിയ
്റ് സാരം ഇതാണ്. ഇത്തരം
ത്തിന്റെ അഭാവം സാമൂഹ്യ
യും സാംസ്കാരിക ബോധ
അഭാവമാണെന്ന് മാറാട്
ഭവങ്ങളുടെ സന്ദർഭങ്ങളിൽ
യും. നിയമബോധത്തിന്റെ
ികതയുടെ നഷ്ടം തന്നെയാ
പാഠം ഇതാണ്. മാനുഷികത
ൂഹം അത് വീണ്ടെടുക്കേണ്ട
കമിച്ചിരിക്കുന്നു. സാംസ്കാ

രിക മൂല്യം പരിരക്ഷിക്കാൻ നിയമപരിജ്ഞാനം അത്യാവശ്യമാണ്. സോഷ്യലിസത്തിലെ സാമ്പത്തികവശം മാത്രം സ്വീകരിച്ച് സാമൂഹ്യ നീതി നിഷേധിച്ചതാണ് ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന അപചയത്തിന് കാരണം. സാമൂഹിക നീതിയുടേയും സാംസ്കാരിക മൂല്യത്തിന്റേയും മാനുഷികതയുടേയും വീണ്ടെടുക്കലായിരിക്കണം ഇന്ന് ഏത് മനുഷ്യാവകാശ പ്രവർത്തനങ്ങളുടേയും ലക്ഷ്യം. ജനനീതിയുടെ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ മാതൃകാപരമാണ് എന്ന് പറയാൻ എനിക്ക് സന്തോഷമുണ്ട്.

*(നിയമപ്രകാരം പ്രകാശനം ചെയ്ത് ജസ്റ്റീസ് കെ. എ. അബ്ദുൾ ഗഫൂർ നടത്തിയ പ്രസംഗത്തിൽ നിന്ന്)* ■





മുഖ്യപ്രഭാഷണം : ജസ്റ്റിസ് ആർ. ബസന്ത്

## നിയമബോധനം സംസ്കാര ബോധനവുമാണ്

**ജസ്റ്റിസ് ആർ. ബസന്ത്**

**ഒ**രു ജനതയുടെ സംസ്കാരത്തെ അറിയാമെങ്കിൽ, ആ ജനത പിന്തുടരുന്ന നിയമവ്യവസ്ഥയെ അറിയാൽ മതി. സമൂഹത്തിന്റെ സാമാന്യബോധത്തിന്റെ വീണ്ടെടുക്കലാണ് നിയമവിദ്യാഭ്യാസംകൊണ്ട് ലക്ഷ്യമാക്കേണ്ടത്. നിയമ വിദ്യാഭ്യാസത്തിന്റെ കാതൽ നിയമവാണിജ്യമല്ല നിയമവിവേകമാണ്. ഈ അർത്ഥത്തിൽ നിയമബോധനം സംസ്കാരബോധനമാണ്. സമൂഹത്തിലെ ഏറ്റവും സാധാരണക്കാരായ മനുഷ്യർക്ക്കൂടി നിയമബോധം ലഭിക്കേണ്ടതുണ്ട്. ഒരു സംസ്കാരത്തിന്റെ വളർച്ചയ്ക്ക് അത് കൂടിയേ കഴിയൂ. ജനങ്ങളെ നിയമത്തിൽനിന്നകറ്റുന്നത് നിയമഭാഷയുടെ കാഠിന്യമാണ്. പലവിധ സാങ്കേതികതകളുടെ സങ്കീർണ്ണതയും നിയമഭാഷയെ ജനങ്ങളിൽ നിന്നകറ്റുന്നുണ്ട്. നിയമനിർവ്വഹണത്തിന്റെ നടപടിക്രമങ്ങളിലുമുണ്ട് സാങ്കേതികതയുടെ അമിതഭാരം. ഇവയെല്ലാം ലളിതമാക്കേണ്ടതുണ്ട്. നിയമത്തിന്റെ ഭാഷ ലളിതമാകുന്നതോടെ ജനങ്ങളുടെ സാമാന്യബോധം കൂടുതൽ ശക്തവും വിവേകപൂർണ്ണവും ആയിത്തീരും. നിയമത്തിന് നിരവധി നിർവചനങ്ങളുണ്ട്. എങ്കിലും അവയിൽ ഏറ്റവും മാനുഷികമായ ഒന്ന് സാമാന്യ ബോധത്തിന്റെ സത്തയാണ് നിയമം എന്നതാണ്. നിയമം ജനതയുടെ ധാർമ്മികതയുടെ ആവിഷ്കാരം കൂടിയാണ്. നിയമബോധം സമൂഹത്തിന് ധാർമ്മികബോധവും സാമൂഹിക ബോധവും നല്കുന്നു. നിയമ സംസ്കാരം സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള ബോധം മാത്രമല്ല മറ്റുള്ളവരുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവും ചേർന്നതാണ്.

മനുഷ്യചരിത്രത്തിലെ മഹത്തായ ഒരു സ്വപ്നത്തിനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ് ഇന്ന് നാം. മഹത്തായ ഒരു സാമൂഹ്യ പരിശ്രമം. ഇന്ത്യ ഒരു പരീക്ഷണശാലയാണ്. നിരക്ഷരരും ദരിദ്രരുമായ ഒട്ടനവധി പേർ ഇന്ത്യയിലുണ്ട്. എല്ലാ ജനങ്ങൾക്കും തുല്യ നീതി ലഭിക്കുന്നതിനായി രാഷ്ട്രീയവും സാമ്പത്തികവുമായ നീതി, നിയമപരമായിത്തന്നെ നേടുന്നതിനായുള്ള ശ്രമത്തിലാണ് ഇന്ന് നാം. ഈ മഹത്തായ നൈതിക യജ്ഞത്തിൽ പങ്കാളിയാകുന്നതിനാൽ ഇന്ന് ഇന്ത്യക്കാരനായിരിക്കുക എന്നത് ശരിയ്ക്കും അഭിമാനിക്കാവുന്ന കാര്യമാണ് എന്ന് എനിയ്ക്കിപ്പോൾ തോന്നുന്നു. നീതി സമൂഹത്തിന്റെ പൊതു അനുഭവമാക്കുന്നതിനായി ജനനീതി നടത്തുന്ന ഇടപെടലുകൾ അനുകരണീയങ്ങളാണ്. ■

*(നിയമപ്രകാരം പ്രകാശന ചടങ്ങിൽ ജസ്റ്റീസ് ആർ. ബസന്ത് ചെയ്ത മുഖ്യ പ്രഭാഷണത്തിൽ നിന്ന്)*

## വീണ്ടെടുക്കണം

**ശങ്കരപ്പിള്ള**

ഥമിക വിജ്ഞാനം ആർജ്ജിക്കാനാവണം. ജനനീതി ആലോചിക്കുന്ന പ്രാഥമിക നിയമ ബോധനത്തിനുള്ള ഒരു പുസ്തകപരമ്പരയിൽ ആദ്യത്തേ
്ക്കരണം മൂലം ഉണ്ടാകുന്ന ഭൗതികവും സാംസ്കാരികവും ആയ ബഹുവിധ കടന്നാക്രമണങ്ങളും നഷ്ടങ്ങളും അധികാര ബന്ധങ്ങളിൽ സംഭവി
ം പ്രതിരോധ പ്രവർത്തനങ്ങളുടെ പുതിയ വ്യൂഹങ്ങൾ സമൂഹത്തിൽ ഉണർത്തിയിട്ടുണ്ട്. ഈ പ്രതിരോധ സമരങ്ങൾ വെറും വൈകാരിക പ്രതിക
പ്പെട്ട മണ്ഡലങ്ങളിൽ പ്രസക്തമായ നിയമങ്ങൾ അറിയുന്നത് പ്രതിരോധത്തെ സഫലമാക്കും.

ും സ്വന്തം മനസ്സിന്റേമേലുള്ള ആജ്ഞാശക്തിയിൽ നിന്നും അകറ്റിക്കൊണ്ട് പോകുന്ന ഒരു ബഹിഷ്കരണ പരമ്പരയാണിത്. മാധ്യമപ്രലോഭനങ്ങ
്ക് അല്ലെങ്കിൽ ഒരു മിഥ്യാലോകത്തിലേയ്ക്ക് ബഹിഷ്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മനസ്സിൽ നിന്നും ചരിത്രത്തിൽ നിന്നുമുള്ള ഈ നിരന്തര
ങ്ങളിലും ഇന്ന് സംഭവിക്കുന്ന മുഖ്യസാമൂഹ്യപ്രക്രിയ മദ്ധ്യവർഗ്ഗ വൽക്കരണത്തിന്റേതാണ്. ഇച്ഛയും സ്വത്വവും സ്വാതന്ത്ര്യവും വീണ്ടെടുക്കണമെ
ണ്ടെടുത്തേ മതിയാകൂ. അതിന് നിയമബോധനം കുറച്ചൊക്കെ ഉപകരിക്കും. നാം ജീവിക്കുന്ന സമൂഹത്തിന്റെ ഘടനാപരവും തത്വപരവുമായ

*(നിയമപ്രകാരം പ്രകാശനവേളയിൽ ജനനീതി ചെയർമാൻ പ്രൊഫ. കെ.ജി.ശങ്കരപ്പിള്ള നടത്തിയ അദ്ധ്യക്ഷപ്രസംഗത്തിൽ നിന്ന്)*

# അന്തർദേശീയ പീഡനവിരുദ്ധ ദിനം - ജൂൺ 26

അഡ്വ. ഫരീദ അൻസാരി

അന്തസ്സുള്ള ജീവിതം നയിക്കുക എന്നത് ഏതൊരു മനുഷ്യന്റെയും അന്യാധീനപ്പെടുത്താൻ സാദ്ധ്യമല്ലാത്ത ഒരു അവകാശമാണ്. ഭരണഘടനയുടെ നിർമ്മാതാക്കൾ നിയമവാഴ്ചയെയാണ് നീതിന്യായ വ്യവസ്ഥയുടെ പരമപ്രധാനതത്ത്വമായി കണക്കാക്കിയിരിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 20, 21 ലെ ഉത്തരവും, അതുപോലെതന്നെ കോടതി തീരുമാനങ്ങളും ഇന്ത്യൻ നിയമവ്യവസ്ഥയ്ക്ക് ഒരു മനുഷ്യാവകാശ പശ്ചാത്തലം നല്കി. ഇത്രയൊക്കെ ഉണ്ടായിട്ടും സാധാരണ പൗരന്റെ ജീവിതം രാഷ്ട്രത്തെയും രാഷട്രേതര ശക്തികളേയും ഭയക്കുന്നുണ്ടെങ്കിൽ ഇനിയും ഒരുപാട് നടപ്പിലാക്കാനുണ്ട്, മനുഷ്യാവകാശങ്ങൾ.

പീഡനം, ക്രൂരത, മനുഷ്യത്വരഹിതമായ ശിക്ഷകൾ എന്നിവയ്ക്കെതിരെയുള്ള ഐക്യരാഷ്ട്ര സഭയുടെ കൺവെൻഷനിൽ അനുഛേദം ഒന്നിൽ പീഡനം എന്ന വാക്കിനെ നിർവ്വചിച്ചിട്ടുണ്ട്. ഒരു വ്യക്തി കുറ്റം ചെയ്തുവെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലോ, കുറ്റം ചെയ്തുവെന്ന സംശയത്തിലോ അവനെ കുറ്റസമ്മതം ചെയ്യിക്കാനോ, എന്തെങ്കിലും വിവരം ലഭിക്കുവാനോ വേണ്ടി ഏതെങ്കിലും അധികാരികൾ മനഃപൂർവ്വം മാനസികമായോ ശാരീരികമായോ കഠിനമായി വേദനിപ്പിക്കുന്നതിനെയാണ് പീഡിപ്പിയ്ക്കൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നിയമപരമായ നടപടികൾക്കിടയ്ക്കുണ്ടാവുന്ന വേദന പീഡനമായി പരിഗണിക്കില്ല. കുറ്റം സംബന്ധിച്ച വിവരം ശേഖരിക്കാൻ പ്രതിയെ കൂടാതെ മൂന്നാമതൊരാളെ വേദനിപ്പിച്ച് ചോദ്യം ചെയ്യുന്നതും പീഡനമാണ്. അന്തർദേശീയ ഭരണശാസ്ത്രം ഈ നിർവ്വചനത്തിന് പുതിയ അർത്ഥങ്ങൾ നല്കിയിട്ടുണ്ട്.

ഇന്ത്യയിൽ പ്രായേണ രാഷ്ട്രശക്തികളാലുള്ള പീഡനം എന്നതുകൊണ്ട് ഉദ്ദേശിച്ചിരുന്നത്, പ്രതിയിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും, കുറ്റം സമ്മതിക്കുന്നതിനും വേണ്ടിയുള്ള തന്ത്രങ്ങളെയാണ്. അതുകൊണ്ടുതന്നെ പോലീസിന്റെ കുറ്റാന്വേഷണവും, അന്വേഷണം നടത്തുന്ന രീതികളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ക്രിമിനൽ നീതിന്യായ വ്യവസ്ഥ എന്നു പറയുമ്പോൾ അതിൽ ക്രിമിനൽ നടപടി നിയമവും തെളിവുനിയമവും അതുപോലെ തന്നെ ഇന്ത്യൻ ശിക്ഷാ നിയമവും ഉൾപ്പെടും.

ഇന്ത്യാഗവൺമെന്റ് ക്രിമിനൽ നീതിന്യായ വ്യവസ്ഥയെ നവീകരിക്കുന്നതിനായി പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമം, തെളിവുനിയമം, ക്രിമിനൽ നടപടി നിയമം എന്നിവയിൽ മാറ്റം വരുത്തിയാൽ മാത്രമെ നിലവിലുള്ള ക്രിമിനൽ നടപടി വ്യവസ്ഥയെ നവീകരിക്കാൻ കഴിയൂ. ബഹുമാനപ്പെട്ട മുൻ ചീഫ് ജസ്റ്റിസ് മളിമഠ് ഉൾപ്പെടെയുള്ള ആറംഗ കമ്മിറ്റി 158 നിർദ്ദേശങ്ങൾ ഗവൺമെന്റ് മുമ്പാകെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

ജനനീതി ഈ ശുപാർശകളെ മനുഷ്യാവകാശ വീക്ഷണത്തിലൂടെ ചർച്ച നടത്തുവാനായി പീഡനവിരുദ്ധദിനമായ ജൂൺ 26 ന് ഒരു ചർച്ചായോഗം വിളിച്ചുകൂട്ടി. അന്നേ ദിവസം മൂന്നുപരിപാടികളാണ് നടത്തിയത്. ഏഷ്യൻ മനുഷ്യാവകാശ കമ്മീഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. ബാസിൽ ഫെർണാന്റോ എഴുതിയ ക്രൈം ആന്റ് ജസ്റ്റിസ് എന്ന പുസ്തകം പ്രകാശനം ചെയ്യുകയും, പീഡനങ്ങൾ ദ്യോതിപ്പിക്കുന്ന ഛായാചിത്രങ്ങൾ പ്രദർശിപ്പിക്കുകയും, നിയമജ്ഞരേയും മനുഷ്യാവകാശപ്രവർത്തകരേയും ഉൾപ്പെടുത്തിക്കൊണ്ട് മളിമഠ് കമ്മിറ്റി നിർദ്ദേശങ്ങളെ വിലയിരുത്തുകയും ചെയ്തു.

ക്രിമിനൽ നീതി ന്യായ വ്യവസ്ഥയിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് മളിമഠ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളെ വിമർശിച്ചുകൊണ്ടുള്ള ബാസിൽ ഫെർണാന്റോയുടെ ക്രൈം & ജസ്റ്റിസ് എന്ന പുസ്തകം ലോ കോളേജ് പ്രൊഫ. ബിനു പൂർണ്ണമോദൻ പ്രകാശനം ചെയ്തു. ഒപ്പം, പങ്കെടുത്ത എല്ലാവർക്കും പുസ്തകത്തിന്റെ കോപ്പി വിതരണം ചെയ്തു. വിഷയത്തിനു ചേർന്ന അന്തരീക്ഷം നല്കുവാനായി ഛായാചിത്രങ്ങൾ ഹാളിൽ തന്നെ പ്രദർശിപ്പിച്ചിരുന്നു. ഗവൺമെന്റ് ലോ കോളേജ് പ്രൊഫസറായ ഡോ. എം. സി. വൽസന്റ മുഖ്യ പ്രഭാഷണത്തിൽ മളിമഠ് കമ്മിറ്റിയുടെ പ്രധാന നിർദ്ദേശങ്ങൾ വിവരിച്ചു. പിന്നീട് ആ വിഷയം ചർച്ച ചെയ്തു. ചർച്ചായോഗത്തിൽ പങ്കെടുത്ത വിശിഷ്ടാതിഥികൾ പലതരത്തിലുള്ളവരായിരുന്നു. എഴുത്തുകാർ, മനുഷ്യാവകാശ പ്രവർത്തകർ, വിദ്യഭ്യാസ വിചിന്തകർ, നിയമ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ എന്നിവർ ഉൾപ്പെടെ. ചർച്ച വളരെ അർത്ഥവത്തായിരുന്നു. ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളാണ് താഴെപറയുന്നവ:

- ചർച്ചയുടെ പ്രാഥമിക ശ്രദ്ധ അന്വേഷണസ്വഭാവത്തിലുണ്ടായ മാറ്റത്തെ സംബന്ധിച്ചായിരുന്നു. Adversarial ഘടനയിൽ നിന്നും Inquisitonal ഘടനയിലേയ്ക്കുള്ള മാറ്റത്തിനുള്ള ന്യായീകരണം 'Quest for truth' അഥവാ സത്യാന്വേഷണം എന്ന തത്ത്വത്തിന്റെ പേരിലാണ് കമ്മിറ്റി നൽകിയിരിക്കുന്നത്. ഈ പറയുന്ന മാറ്റം ഭാഗികവും ശരിയായ മാർഗ്ഗനിർദ്ദേശമില്ലാത്തതുമാണ്. രണ്ടു ഘടനകളുടെയും ഒരു മിശ്രിതം മാത്രമാണ് പുതിയ സംവിധാനം. നിലവിലുള്ള അഴിമതിയെയും രാഷ്ട്രീയ താല്പര്യങ്ങളെയും മറികടക്കാനുള്ള യാതൊരു പുരോഗമന ഭേദഗതിയും ഈ മാറ്റം അല്ലെങ്കിൽ സംവിധാനം ഉറപ്പുനല്കുന്നില്ല. പ്രതിയുടെ മുൻകാല ചെയ്തികൾ/സ്വഭാവം അദ്ദേഹത്തെ വിചാരണ ചെയ്യുമ്പോൾ പരിഗണിക്കുമെന്നത് 'കുറ്റം തെളിയിക്കുന്നതുവരെ നിരപരാധിയാണെന്നുള്ള' അടിസ്ഥാന സങ്കല്പത്തെ ഇല്ലാതാക്കുന്നു. അതുകൊണ്ട് ഈ മാറ്റത്തെ എല്ലാവരും ശക്തമായി എതിർക്കുകയുണ്ടായി.
- ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങളായ അനുച്ഛേദം 21, 20 (3) എന്നിവയെ ഈ മാറ്റങ്ങൾ പ്രതികൂലമായി ബാധിക്കും. അതിനാൽത്തന്നെ ഭരണഘടനാഭേദഗതിയിലൂടെ മാത്രമേ ശുപാർശകൾ നടപ്പിൽ വരുത്താൻ സാധിക്കുകയുള്ളൂ. പ്രതി തന്നെ തെളിവുനൽകാൻ നിർബന്ധിതനാകുന്നതിലൂടെ, കുറ്റം തെളിയിക്കപ്പെടുന്നതുവരെ നിരപരാധിയായി കാണുക എന്ന സങ്കല്പം ഇല്ലാതാകുന്നു.
- പ്രതിയെ തെളിവു നല്കാൻ നിർബന്ധിക്കുക എന്ന നിർദ്ദേശത്തെ സംശയദൃഷ്ടിയോടെയാണ് ചർച്ചയിൽ പങ്കെടുത്തവർ വീക്ഷിച്ചത്. തെളിവു നല്കാനുള്ള ബാധ്യത പ്രതിയിൽ നിക്ഷിപ്തമാക്കുന്നത് മനുഷ്യാവകാശ ധ്വംസനത്തിന് ഇടവരുത്തുമെന്നും അഭിപ്രായമുണ്ടായി.
- സംശയാതീതമായി കുറ്റം തെളിയിക്കപ്പെട്ടാൽ മാത്രം ശിക്ഷ വിധിക്കുക എന്നതിനെ കുറ്റം ചെയ്യാനുള്ള സാധ്യത മാത്രം കണക്കാക്കി, ശിക്ഷിക്കുക എന്ന രീതിയിലേക്ക് മാറ്റുന്നതിനെ യോഗം ശക്തിയായി പ്രതിഷേധിച്ചു. വ്യക്തിവീക്ഷണങ്ങൾ ബാധിക്കാമെന്നതും ഒരു മനുഷ്യന്റെ ജീവിതമാണ് വിധിയിലൂടെ നിർണ്ണയിക്കപ്പെടുന്നത് എന്നതും ക്രിമിനൽ കുറ്റകൃത്യങ്ങളിൽ തെളിവിന്റെ നിലവാരം അല്പമാത്രമെങ്കിലും കുറ

യ്ക്കുന്നതിനെ അസാധ്യമാക്കി തീർക്കുന്നു.

- കുറ്റകൃത്യങ്ങൾക്കിരയായവരെ കൂടി തെളിവെടുപ്പിൽ പങ്കെടുപ്പിക്കണമെന്ന നിർദ്ദേശം പൊതുവെ സ്വാഗതം ചെയ്യപ്പെട്ടെങ്കിലും കോടതിക്കു പുറത്ത് വ്യവഹാരങ്ങൾ ഒത്തുതീർപ്പാക്കുന്നതിലേക്ക് അത് നയിക്കാമെന്ന മുന്നറിയിപ്പും ഉയർന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയായ വ്യക്തിയെ attorney യിലൂടെ പ്രതിനിധീകരിക്കുക എന്നത് രാജ്യത്തിന്റെ കടമയാണ്. നേരിട്ട്, ഇരയായ വ്യക്തിയെ/ബന്ധുക്കളെ പങ്കെടുപ്പിക്കുന്നതിലൂടെ രാജ്യം അതിന്റെ കടമയിൽ നിന്നും വ്യതിചലിക്കാൻ ഇടവന്നേക്കും.
- പോലീസ് സേനയെ ശക്തിപ്പെടുത്തണമെന്ന അഭിപ്രായത്തോട് എല്ലാവരും യോജിച്ചു. അതിനായി പോലീസിൽ നിന്നും അഴിമതി, മൂന്നാംമുറ പ്രയോഗങ്ങൾ എന്നിവ ഒഴിവാക്കുകയും സേനാംഗങ്ങൾക്ക് ആധുനിക കുറ്റാന്വേഷണ സംവിധാനങ്ങളിൽ പരിശീലനം നല്കുകയും വേണം. പോലീസിനെ 'ഭരിക്കാൻ'എന്ന പേരും പറഞ്ഞ് ഒരു വെള്ളാനയുടെ സൃഷ്ടിയിൽ ഈ നിർദ്ദേശത്തെ ഒതുക്കാതിരിക്കാൻ ശ്രദ്ധിക്കണം.
- ക്രിമിനൽ നടപടിച്ചട്ടങ്ങളിലെ 161,162 ഭാഗങ്ങളും തെളിവ് നിയമത്തിലെ 25-ാം ഭാഗവും മാറ്റണമെന്ന നിർദ്ദേശത്തെ ഭയാശങ്കകളോടെയാണ് ചർച്ചയിൽ പങ്കെടുത്തവർ നോക്കിക്കണ്ടത്. കുറ്റാന്വേഷണത്തിൽ പോലീസ് ഇന്ന് അനുവർത്തിക്കുന്ന രീതികളുമായി വെച്ച് നോക്കുമ്പോൾ കൂടുതൽ കസ്റ്റഡി മരണങ്ങളിലേക്ക് ഇത് നയിക്കും എന്ന് ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടു.
- സാക്ഷികൾക്ക് യുക്തമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന നിർദ്ദേശത്തെ എല്ലാവരും സ്വാഗതം ചെയ്തു.
- ഉയർന്ന പോലീസ് അധികാരിയുടെ മുമ്പിലുള്ള കുറ്റസമ്മതം തെളിവായി സ്വീകരിക്കണം എന്ന നിർദ്ദേശം കനത്തപ്രത്യാഘാതങ്ങൾ സൃഷ്ടിക്കും.
- മളിമഠ് കമ്മിറ്റി നിർദ്ദേശങ്ങൾ അതേപ്രകാരം നടപ്പിലാക്കുന്നത് കടുത്ത മനുഷ്യാവകാശ ധ്വംസനങ്ങൾക്ക് വഴിമരുന്നിടുമെന്ന് ഏവരും ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു.
- പീഡനത്തിനെതിരെയുള്ള ഐക്യരാഷ്ട്ര കൺവെൻഷൻ ഇന്ത്യ അംഗീകരിക്കണം എന്ന പ്രമേയം എതിർപ്പുകളൊന്നുമില്ലാതെ പാസ്സാക്കുകയും ആയതിന്റെ പകർപ്പുകൾ ബന്ധപ്പെട്ട അധികാരികൾക്ക് അയയ്ക്കുകയും ചെയ്തു. ■

# സംസ്കൃത സർവ്വകലാശാല സംഘപരിവാർ സർവ്വകലാശാലയാക്കാനുള്ള നീക്കത്തെ പ്രതിരോധിക്കുക

**ശ്രീ**ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഇന്ന് ഒരു പ്രതിസന്ധി നേരിടുന്നുണ്ട്. സംസ്കൃത സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ തൃപ്തിയില്ലെന്ന് പറഞ്ഞ് യു.ജി.സി. ധനസഹായം തടഞ്ഞു. ഫലത്തിൽ ഇത് അംഗീകാരം തടയലാണ്. സംസ്കൃത സർവ്വകലാശാലയെ കഷ്ടത്തിലാക്കുന്നതിൽ യു.ജി.സി.ക്കും കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിനും ബി.ജെ.പി.ക്കും ചില ലക്ഷ്യങ്ങളുണ്ട്. അത് കാണാതിരുന്നുകൂടാ. സംസ്കൃത സർവ്വകലാശാലയെ ഹിന്ദുത്വ സർവ്വകലാശാലയാക്കുക, അതിന് തടസ്സം നിൽക്കുന്ന ഇന്നത്തെ വി.സി. ഡോ. കെ.എൻ. പണിക്കരെ പുറത്താക്കുക, സർവ്വകലാശാലയിൽ ഇന്ന് വളർന്നുവരുന്ന വർഗ്ഗീയ വിരുദ്ധവും വിമോചനോന്മുഖവുമായ പഠന-ഗവേഷണ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുക എന്നിവയാണ് ആ ഗൂഢലക്ഷ്യങ്ങൾ. ഡോ. പണിക്കർ വി.സി.യായി നിയമിതനായ നാൾമുതൽ തുടങ്ങിയതാണ് അദ്ദേഹത്തിനും സർവ്വകലാശാലയ്ക്കുമെതിരെ വർഗ്ഗീയവാദികളുടെ ദുഷ്പ്രചരണങ്ങളും ബഹിഷ്കരണ ശ്രമങ്ങളും. കേരളത്തിന്റെ സാംസ്കാരിക പൊതുമണ്ഡലം ഈ നീചനീക്കങ്ങൾ തീരെ പരിഗണിച്ചില്ല. മാത്രമല്ല ഡോ. കെ.എൻ.പണിക്കരുടെ പ്രബുദ്ധസാന്നിദ്ധ്യം വിവിധ വിതാനങ്ങളിൽ അർഹിക്കുന്ന രീതിയിൽ അംഗീകരിക്കപ്പെടുകയും ഉണ്ടായി. ഫാസിസവൽക്കരണത്തിന്റെ അത്യന്തം വഞ്ചകമായ കാലത്ത് അറിവും ചിന്തയുമുള്ളവർ എന്തുചെയ്യണമെന്നതിന്റെ ഉജ്ജ്വല മാതൃകയായി ഡോ. പണിക്കർ ഉയർന്നു. ഡോ. പണിക്കരുടെ ചരിത്രദർശനവും വിദ്യാഭ്യാസ ദർശനവും വർഗ്ഗീയതയുടെ വിഷദിനങ്ങളിൽ സുശക്തമായ പ്രതിരോധാവബോധം സമകാലിക കേരളീയ സമൂഹത്തിൽ വളർത്തി. അയോദ്ധ്യയും മാറാടും പത്തനംതിട്ടയും ഗുജറാത്തുമുൾപ്പെടെയുള്ള ജനാധിപത്യദുരന്തങ്ങളിൽനിന്ന് ഒരു ജനത എന്ത് പഠിക്കണമെന്ന് വെളിവോടും തെളിമയോടും അസാധാരണമായ വിശ്വാസദാർഢ്യത്തോടും കൂടി ഡോ. പണിക്കർ ജനസമൂഹത്തെ പഠിപ്പിച്ചു. വർഗ്ഗീയതയുടെ പടർന്നുപിടിക്കലിനെതിരെ പണിക്കരുയർത്തിയ പ്രതിരോധം വലിയൊരളവ് സഫലമായിരുന്നു എന്ന് നമുക്കറിയാം. സർവ്വകലാശാലയിൽ ഡോ. പണിക്കർ വി.സി.യായി വന്നതിന് ശേഷമുണ്ടായ വളർച്ചയിൽ അവിടുത്തെ വിദ്യാർത്ഥികളും അദ്ധ്യാപകരും സംതൃപ്തരാണ്. ജഡാശയങ്ങളുടെ പൂജാരിയായല്ല ജൈവാശയങ്ങളുടെ പ്രയോക്താവായിട്ടാണ് ഡോ. പണിക്കർ പ്രവർത്തിച്ചത്. ഇക്കാലത്തെ ഏറ്റവും നല്ല ചരിത്രാദ്ധ്യാപകനും വിദ്യാഭ്യാസവിദഗ്ധനും മനുഷ്യസ്നേഹിയുമായി ഇങ്ങനെയാണ് ഡോ. പണിക്കർ വളർന്നത്. ഇതുകൊണ്ടുതന്നെയാണ് അദ്ദേഹം വർഗ്ഗീയ വാദികളുടെ മുഖ്യശത്രുവായി മുദ്രകുത്തപ്പെട്ടതും.

സംസ്കൃതസർവ്വകലാശാലയുടെ പ്രവർത്തനങ്ങളോ വൈസ്ചാൻസലറുടെ പ്രാഗൽഭ്യമോ തൃപ്തികരമല്ലാത്തതുകൊണ്ടല്ല യഥാർത്ഥത്തിൽ സംഘപരിവാർ ദുഃഖിക്കുന്നതും ക്ഷോഭിക്കുന്നതും യു.ജി.സി. അസംതൃപ്തി എഴുതിയതും. ഡോ. പണിക്കർ വി.സി.യായി ഇരിക്കുന്നേടത്തോളം കാലം സർവ്വകലാശാലയെ സംഘപരിവാർ സർവ്വകലാശാലയാക്കാനാവില്ലെന്നറിയുന്നത് കൊണ്ടാണ് യു.ജി.സി.യെ ഉപയോഗിച്ചുകൊണ്ടുള്ള ഈ വെടക്കാക്കി തനിക്കാക്കൽ.

സംസ്കാരത്തിന്റെയും ജനാധിപത്യത്തിന്റെയും ഭാവിക്കെതിരെയാണ് ഈ ഫണം വിടർത്തൽ. വിവേകമുള്ളവർ വെറുതെ നോക്കിനിന്നുകൂടാ.

കെ.ജി. ശങ്കരപ്പിള്ള, വൈശാഖൻ, സാറാ ജോസഫ്, അശോകൻ ചരുവിൽ, അഷ്ടമൂർത്തി, രാവുണ്ണി, ടി.ആർ വേണുഗോപാൽ, ഇ. എച്ച്. ദേവി, കെ. എൻ. ജോസ്, എൻ. എൻ. ഗോഗുൽദാസ്, പി. എൻ. ഗോപീകൃഷ്ണൻ, പി. എസ്. മനോജ്കുമാർ, ഫ്രാൻസിസ് സേവ്യർ, ജോർജ്ജ് മാത്തൻ, ജാസ്മിൻ ജോസഫ്, കെ.ആർ. ഇന്ദിര, പോൾ ജോസഫ് കാട്ടൂക്കാരൻ, ലിസി ചാക്കോ, ജോൺസൺ ഐനിക്കൽ, ഫരീദ അൻസാരി, പി. പി. വിനീത്, ഇ. വി. ജോഷി, കെ. ബാലു, ഏ. ബി. പ്രസാദ്, കെ. കെ. രാധാമണി, എം. എൻ .സുരേഷ് ബാബു, ബിജോ ഫ്രാൻസീസ്, സി. സി. മേനോൻ, കാതറിൻ ജെമ്മ, പി. കൃഷ്ണ കുമാർ, ടി.ക. നവീന ചന്ദ്രൻ, എം. പി. ആന്റണി, കെ. കെ. സുദേവൻ, ടി. ആർ. ജോയ്, ജോസ് തത്രത്തിൽ, ജേക്കബ് തച്ചാറാട്ടിൽ, ജോൺ കവലക്കാട്ട്, സെബി ജെ.പുല്ലേലി, പി. എൻ. പ്രകാശ്, വി. കാർത്തികേയൻ നായർ, സി. ബി. രാജീവ്, കെ. കെ. വിശ്വനാഥൻ, എം. ജി. ബാബുജി, വി. ആർ. അയ്യപ്പൻ പിള്ള, ജോസ് മുണ്ടമറ്റം, എ. അസൻകുട്ടി, കെ. കുഞ്ഞിക്കണ്ണൻ, വി. വി. ഗണേഷ്, വി. എസ്.ശുഭ, ചെറിയാൻ ജോസഫ്, എം. കേശവൻ നമ്പൂതിരി, നീലൻ, ഫ്രാൻസീസ് മുണ്ടശ്ശേരി, കെ. ജെ. ഡേവീസ്, ജെ. പ്രസാദ്, ഐ. ഷൺമുഖദാസ്, ജോർജ്ജ് പുലികുത്തിയിൽ. ■

Reg. No.3551/93/L Dis · Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി.ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ എം.പി. രാജു ◆ സി.ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ.ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ മിനി രാജു ◆ ജെ.ജെ. പള്ളത്ത് ◆ ജോർജ്ജ് പുലികുത്തിയിൽ

# ഗുണ്ടാസംസ്കാരത്തെ ചെറുക്കണം

**നവീനചന്ദ്രൻ**

**സാം**സ്കാരിക തലസ്ഥാനത്ത് ഗുണ്ടാപിരിവ് വ്യാപകമായി തുടരുകയാണ്. ഒളരിയിലും, കൂർക്കഞ്ചേരിയിലും, അമലനഗറിലും പിരിവുനൽകാത്തവരെ ക്രൂരമായി പരിക്കേൽപിച്ചു. കടകൾ തല്ലിത്തകർത്തു. പുത്തൻപീടികയിൽ കാറാകാട്ടി കള്ളുഷാപ്പിലെ മുഴുവൻ പണവും പിടിച്ചുവാങ്ങി. അവർ തന്നെ പെരിങ്ങോട്ടുകരയിലെ ലോട്ടറി കടയിൽ കയറി പണം മുഴുവൻ എടുത്ത് ഓട്ടോറിക്ഷയും തട്ടിയെടുത്ത് കടന്നു. രണ്ട് ആഴ്ചയ്ക്കുശേഷം മറ്റൊരു ഗുണ്ടാസംഘം പുത്തൻപീടികയിലെ എട്ട് കടകളിൽ നിന്നും എഞ്ചിനീയറിങ്ങ് ട്രെയിനിങ്ങ് കോളേജ് അദ്ധ്യാപകരിൽ നിന്നും വടിവാൾ കാട്ടി ഭീഷണിപ്പെടുത്തി പിരിവ് നടത്തി. ഇത്തരം സംഭവങ്ങൾ ഇന്ന് ജില്ലയിൽ എല്ലായിടത്തും നടന്നുവരുന്നു. പുറത്തറിയുന്നതിനേക്കാൾ എത്രയോ ഇരട്ടിയാകാം ഭീഷണിയിൽ ഭയന്ന് പുറത്തറിയിക്കാത്തത്.

ബ്ലെയിഡ് കമ്പനിക്കാരുടെ കിട്ടാകടം പിരിച്ചെടുക്കാനും, വണ്ടിപിടിക്കുവാനും, കൂലിതല്ലിനുമിറങ്ങിയ ഗുണ്ടാസംഘങ്ങളെ രംഗത്തിറക്കിയപ്പോൾ 'ആരാടാവലിയവൻ' എന്നുറപ്പിക്കാനുള്ള യുദ്ധത്തിലായിരുന്നു ഇവർ. തലമൂത്ത ഗ്രൂപ്പ് തലവന്മാർ ഒന്നൊന്നായ് മരിച്ചപ്പോൾ ഗുണ്ടാപടകളുടെ സേവനങ്ങൾക്ക് വിശ്വസ്തതയും ആവശ്യക്കാരും കുറഞ്ഞു. നിരവധി കേസുകളിലെ പ്രതികളായ ഇവർക്ക് കോടതിച്ചിലവിനും ആർഭാടജീവിതത്തിനും ബുദ്ധിമുട്ടായപ്പോൾ കണ്ടുപിടിച്ച എളുപ്പവഴിയാണ് ഗുണ്ടാപിരിവ്.

അടുത്തിടെ കൊല്ലപ്പെട്ട പ്രശസ്തനായ ഗുണ്ടാനേതാവിന്റെ 41-ാം ചരമദിനത്തിന് ഹർത്താലാചരിച്ചു. കൊല്ലപ്പെട്ട ദിവസത്തെ ഹർത്താലിനു പുറമെയാണിത്. മുംബൈയിലോ, ചെന്നൈയിലോ ഒന്നും നടന്നതല്ലിത്. തൃശൂർ കോർപ്പറേഷനിൽപ്പെട്ട ചിയ്യാരം, കണിമംഗലം, കൂർക്കഞ്ചേരി പ്രദേശങ്ങളിലാണ് ആറ് മാസം മുമ്പ് ശക്തമായ പോലീസ് കാവൽ ഉണ്ടായിട്ടും ഈ ഹർത്താൽ നടന്നത്. ഗുണ്ടകൾ വിചാരിച്ചാൽ കടകളടപ്പിക്കാമെന്നു കണ്ടപ്പോൾ ഇതേ തന്ത്രമുപയോഗിച്ച് പിരിവുനടത്താമെന്നും മനസ്സിലാക്കി വൈകാതെ തന്നെ നടപ്പിൽ വരുത്തുകയായിരുന്നു. ഗുണ്ടകളെ ഉപയോഗിച്ച് കാര്യം നേടിയവരിൽ നിന്നും ഇവരെകുറിച്ചറിയുന്ന അല്പം ഭയമുള്ള കച്ചവടക്കാരിൽ നിന്നും കടമായി പണം വാങ്ങിയാണ് പിരിവിന് തുടക്കം. വീണ്ടും വീണ്ടും ഇവരോട് തന്നെ കടം ചോദിക്കുമ്പോൾ വിസ്സമ്മതം പ്രകടിപ്പിക്കുന്നവരോട് കാറാരി കാട്ടിയാണ് പിന്നെ ചോദിക്കുക.

പ്രവർത്തനമേഖല വിപുലീകരിക്കുമ്പോൾ

'സ്വന്തം കാര്യം മാത്രം നോക്കി നടക്കുന്ന പ്രതികരണശേഷി പ്രകടിപ്പിക്കാത്ത ജനങ്ങളും കച്ചവടക്കാരുമുള്ള സ്ഥലങ്ങൾ കണ്ടെത്തി പിരിവു നടത്തുകയാണ് പതിവ് ശൈലി. പണം നൽകാത്തവരെ അടിച്ചു പരിക്കേൽപ്പിച്ചും കടകൾ തല്ലിത്തകർത്തും ഭീകര അന്തരീക്ഷം സൃഷ്ടിച്ചും ഇവിടങ്ങൾ ഇവരുടെ സ്വാധീനവലയിത്തിലാക്കുന്നു.

കടകൾക്ക് നേരെ ഇത്തരത്തിലുള്ള അക്രമങ്ങളുണ്ടായാൽ സംഘടിത വ്യാപാരിസമൂഹം അതാതിടങ്ങളിൽ കടകളടച്ചു ഹർത്താലാചരിക്കുകയും ധൈര്യമുള്ള അപൂർവ്വം ചിലർ പോലീസിൽ പരാതിപ്പെടുകയും കൂടിയാൽ ജില്ലാ അടിസ്ഥാനത്തിൽ ജില്ലാ ആസ്ഥാനത്തേക്ക് ഒരു മാർച്ചും ധർണ്ണയും. കച്ചവടക്കാരുടെ പ്രതിഷേധം ഇവിടെതീരുന്നു. ക്രിമിനലുകളിൽ പോലീസുമുണ്ടെന്നും ഗുണ്ടകളെ പോലീസിന് പേടിയാണെന്നതും പരസ്യമായ രഹസ്യമാണല്ലൊ. കടകളിൽ പ്രശ്നങ്ങളുണ്ടാക്കി പോലീസ് വരുന്നതിന് മുൻപ് മുങ്ങുക, പോലീസ് പോയാൽ ഉടൻ പൊങ്ങുക എന്ന രീതി അവലംബിക്കുന്ന ഗുണ്ടകളെ പിടിക്കാൻ വേണ്ടി നാടിന്റെ നാനാഭാഗത്തും പോലീസിനെ വിന്യസിപ്പിക്കാൻ കഴിയുമോ. തൃപ്രയാറിൽ ഗുണ്ടാപിരിവ് നടത്തിവരവെ നാലുപേരെ പോലീസ് കൈയ്യോടെ പിടികൂടിയതിൽ മൂന്നുപേരെയും തത്സമയം രാഷ്ട്രീയക്കാർ സ്വാധീനമുപയോഗിച്ച് ഇറക്കിക്കൊണ്ടുപോയി. പോലീസ് സേനയിലെ ഗുണ്ടാ സ്ക്വാഡ് ഇവരിൽ ചിലരെ പിടികൂടി കോടതിയിലെത്തിച്ചാൽ അപ്പോൾ തന്നെ ജാമ്യത്തിലിറങ്ങി കുറച്ചുകൂടി വലിപ്പമുള്ള കത്തിയുമായി പിരിവിനിറങ്ങുന്നത് സാധാരണയാണ്. ശിക്ഷ ഗുണ്ടകൾക്ക് അന്യമാണല്ലോ. ഇത്രയധികം സ്ഥലങ്ങളിൽ നിന്നും പട്ടാപകൽ ഒരു മുഴം നീളമുള്ള വാളോ ഒരു ചെറുപിച്ചാത്തിയോ കാട്ടി ഊതിയാൽ പറന്നു പോകാവുന്നത്ര ശരീരഭാരമുള്ള രണ്ടോ, മൂന്നോ പേരുള്ള കൊള്ള സംഘങ്ങളെ ചെറുക്കാൻ അനുഭവിക്കുന്നവരും കണ്ടു നിൽക്കുന്നവരും തയ്യാറാകാത്ത കാലത്തോളം ഇത് തുടരുക തന്നെ ചെയ്യും. സാമൂഹിക ഐക്യമില്ലായ്മയാണ് ഇവിടെ ഗുണ്ടകൾ മുതലെടുക്കുന്നത്. സാമൂഹ്യവിരുദ്ധ അക്രമങ്ങൾക്കെതിരെ അതതു പ്രദേശങ്ങളിലെ പ്രതികരണശേഷിയുള്ള ജനങ്ങളുടെ കൂട്ടായ്മകൾ രൂപീകരിച്ച് സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ തടയാൻ ജനനീതി തീരുമാനിച്ചിട്ടുണ്ട്. ■

# ശബ്ദമില്ലാത്തവരുടെ ശബ്ദം – കെ. കെ. രാധാമണി

തൃശൂർ വിമലാകോളേജിൽ സാമൂഹ്യപ്രവർത്തനത്തിൽ ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർത്ഥികൾ അവരുടെ Community Development Programe' ന്റെ ഭാഗമായി ഒരു നാടക ശില്പശാല ജനനീതിയോട് ചേർന്ന് നടത്തി. സമൂഹത്തിന്റെ പലവിധ ചങ്ങലക്കെട്ടുകളിൽ കുടുങ്ങി സ്വന്തം അസ്തിത്വവും ശബ്ദവും നഷ്ടപ്പെട്ട ഒരു പെൺകുട്ടിയുടെ ജീവിതവും ഒടുവിലവളുടെ പുനർജനിമായിരുന്നു നാടകപ്രമേയം. ഒരു പക്ഷെ ഒരു പ്രസംഗത്തേക്കാളുമോ ക്ലാസുകളേക്കാളുമോ ഉപരി ക്രിയാത്മകമായി പ്രവർത്തിക്കാൻ നാടകത്തിന് കഴിയുമെന്ന കണ്ടെത്തലാകാം കുട്ടികളെ നാടകശില്പശാല എന്ന ആശയം സ്വീകരിക്കാൻ പ്രേരിപ്പിച്ചത്. പതിഞ്ചോളം വരുന്ന കുട്ടികളുടെ കൂട്ടായ ചിന്തയുടെയും നിരന്തരപ്രവർത്തനങ്ങളുടെയും ഫലമായി 15 മിനിട്ടുവരുന്ന ഒരു നാടകം ജൂൺ 5 ന് അരങ്ങേറി. നൂറോളം വരുന്ന പ്രേക്ഷകർ അത് കാണുകയും വിലയിരുത്തുകയും ചെയ്തു. നാടകവിഷയവും അവതരണരീതിയും സമയപരിധിയും വേഷങ്ങളും വേഷക്കാരും എല്ലാം കുട്ടികളുടെ തന്നെ ചിന്തയിൽ നിന്നുണ്ടായതാണ്. 'ജനനീതി' രംഗകലാവിഭാഗത്തെ നയിക്കുന്ന ശ്രീമതി. കെ.കെ. രാധാമണി നാടകം സംവിധാനം ചെയ്തു. ■

# തീരദേശത്തെ വർഗ്ഗീയ ഭീതി വ്യവസായം – ചില രീതികൾ

**തൃ**ശൂർ ജില്ലയുടെ തീരപ്രദേശങ്ങളിൽ, ഭയത്തിന്റെയും ഭീകരതയുടെയും വാചിക പ്രചരണങ്ങൾ, മാറാട് സംഭവത്തിനുശേഷം വ്യാപകമാവുകയാണ്. കിംവദന്തികൾ, സ്ക്വാഡുകൾ നടത്തുന്ന വാമൊഴി പ്രചരണങ്ങൾ, പോസ്റ്ററുകൾ, ഇവയെല്ലാം വഴിയാണ് വർഗ്ഗീയതയെ തീരപ്രദേശങ്ങളിൽ ഭയാനകമാം വിധം ചലനാത്മകമാക്കിക്കൊണ്ടിരിക്കുന്നത്.

മാറാട് വീണ്ടും 'എട്ടുപേർ കൂടി കൊല്ലപ്പെട്ടു' തുടങ്ങിയ കിംവദന്തികൾ ഇടയ്ക്കിടെ എവിടെ നിന്നല്ലാതെ അഴിച്ചു വിടുന്നുണ്ട്. ഇത്തരം കിംവദന്തികൾ കേരളചരിത്രത്തിലെ ഒരു മഹാദുരന്തത്തെ വർഗ്ഗീയ ചിന്തയിലേയ്ക്ക് മുഴുവനായി ആവാഹിച്ചെടുക്കാനും അതുളവാക്കുന്ന പകവീട്ടൽ ചിന്താഗതിയെ സജീവമാക്കി നിലനിർത്താനുമുള്ള തന്ത്രം എന്ന നിലയ്ക്കാണ് പ്രയോഗിക്കപ്പെടുന്നത്. ഇത് പലവട്ടം ആവർത്തിക്കപ്പെടുന്നതിലൂടെ വർഗ്ഗീയതയുടെയും ഹിംസയുടെയും ഒരു മാനസിക വിന്യാസം സൃഷ്ടിക്കപ്പെടുകയാണ്. ഈ വാമൊഴി പ്രചരണത്തിന് സമാന്തരമായി പോസ്റ്ററുകളിലൂടെ ഒരുവരമൊഴി ഭീതി വ്യവസായവും അരങ്ങേറിക്കൊണ്ടിരിക്കുന്നു. ആദ്യമാദ്യം മാറാട് ദുരന്തത്തെ ചിത്രീകരിച്ച പോസ്റ്ററുകളായിരുന്നു പതിച്ചിരുന്നത്. അത് പതുക്കെപ്പതുക്കെ നിരവധി പോസ്റ്ററുകളിലൂടെ കൃത്യമായ വർഗ്ഗീയ മുദ്രാവാക്യങ്ങളിലേക്ക് നീങ്ങുകയും ചെയ്തു. അവസാനത്തെ പോസ്റ്ററിലെ പ്രധാന വാചകങ്ങൾ "ഹിന്ദു മത്സ്യത്തൊഴിലാളികളുടെ ചോരയ്ക്ക് പകരം വീട്ടുക" എന്നതാണ്.

അതോടൊപ്പം അപരിചിതരുടെ സാന്നിദ്ധ്യവും തീരദേശവാസികളിൽ ഭീതി വിതറുകയാണ്. പ്രബല വർഗ്ഗീയതകളിലെ രണ്ടു വിഭാഗവും നിരവധി അപരിചിതരെ ഇറക്കുമതി ചെയ്തുകൊണ്ട് 'എതിരാളി'കളെ ഭയപ്പെടുത്തുന്നു. വീടുകളിൽ കയറി "രാത്രി ആരുവന്ന് മുട്ടിയാലും വാതിൽ തുറക്കരുത്" എന്നു തുടങ്ങി ഭീതി വിതറുന്ന പ്രചരണവും നടത്തുന്നു.

ഭീതിയുടെ വ്യവസായം വളർത്തുക വഴി തീരദേശത്തെ സ്വഭാവികമായി തീ പിടിപ്പിക്കാമെന്നും, അതുവഴി വർഗ്ഗീയതയ്ക്ക് കേരളചരിത്രത്തിൽ ഒരടികൂടി മുന്നോട്ട് വയ്ക്കാമെന്നും ആ ശക്തികൾ കണക്കു കൂട്ടിയിരിക്കാം. ചോര വീഴ്ത്തിയല്ലാതെ, വർഗ്ഗീയതയ്ക്ക് കുതിക്കാനാവില്ലെന്ന് അവർക്കറിയാം. ഭീതിയുടെ ഈ വരമൊഴി, വാമൊഴി സാങ്കേതികതയെ ജനസൗഹാർദ്ദം കൊണ്ടുമാത്രമേ എതിർത്തു തോല്പിക്കാനാകൂ. തീരദേശത്തെ പ്രബല രാഷ്ട്രീയ കക്ഷികളും, മതേതരപ്രവർത്തകരും അതിന് എത്രയും വേഗം മുൻകൈയ്യെടുക്കേണ്ടതുണ്ട്. ■

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709